**വിവരാവകാശം / മറുപടി**

നമ്പർ: D3-14092/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 9.11.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ.ബിജു.ടി.കെ
പ്രസിഡന്റ്
Differently Abled Employee's Association
State Committee Office
മറൈൻഡ്രൈവ്, എറണാകുളം-31.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 - പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 25.10.18ലെ തീയതിയിലെ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.
2. സംഘടനയുടെ പേര് വിവരങ്ങൾ, ആസ്ഥാനം, പ്രവർത്തനമേഖല, ന്യൂസ് ലെറ്റർ ഉണ്ടോ, വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ, അക്കൗണ്ട് ഓഡിറ്റ് ചെയ്തിട്ടുണ്ടോ, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് രീതി എന്നിവ പരിശോധിച്ചാണ് സംഘടനകളെ തിരഞ്ഞെടുത്തത്.
3. ടി ആവശ്യത്തിലേയ്ക്ക് സാമൂഹ്യനീതി ജില്ലാ ഓഫീസർമാർ മുഖേന വിശദാംശങ്ങൾ ക്ഷണിക്കുകയും ലഭ്യമായ എല്ലാ സംഘടനകളുടെയും വിവരങ്ങൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യപ്പെട്ട എല്ലാ രേഖകളും ഹാജരാക്കാത്ത സംഘടനകളും ഉണ്ടായിരുന്നു. എക്സ്പെർട്ട് കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുത്ത് ഉത്തരവായത് സർക്കാർ തലത്തിലാണ്.
4. പത്തനംതിട്ട, ആലപ്പുഴ (Reg.No. ALP/TL/236/2013) ആസ്ഥാനമായുള്ള പരിവാറിന്റെ സംഘടനകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ സംസ്ഥാന തലത്തിൽ ശേഖരിച്ചിട്ടില്ല.
5. തിരുവനന്തപുരം (Reg.No.T.6630/09), കോട്ടയം (Reg.No.663/09 ആസ്ഥാനമായുള്ള ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫയർ ഫെഡറേഷൻ (DAWF)

*db@18*

സംഘടനകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ശേഖരിച്ചിട്ടില്ല.

6. എറണാകുളം ആസ്ഥാനമായുള്ള നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈന്റ്സ് എന്ന സംഘടനയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചിട്ടില്ല.

7. പത്തനംതിട്ട ആസ്ഥാനമായുള്ള അസോസിയേഷൻ ഓഫ് ഡെഫ് (Reg.No.101/89) സംഘടനയിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചിട്ടില്ല.

8. ഓട്ടിസം ക്ലബിന്റെ അപേക്ഷ സാമൂഹ്യനീതി ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് സർക്കാർ തലത്തിലാണ് തീരുമാനമെടുത്തിട്ടുള്ളത്.

9. ഓരോ ജില്ലയിലെയും അംഗപരിമിതരുടെ മേഖലയിലെ സംഘടനകളുടെ വിവരങ്ങൾ ലഭ്യമാക്കി സമർപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാതലത്തിലാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18